## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 73 08/02/2016 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഏതെല്ലാം ഇനത്തിൽ തുക അനുവദിക്കാറുണ്ട്; | (എ) ഗുരുതരമായ രോഗബാധിതർക്ക് ചികിത്സാ ധനസഹായം, അപകടമരണങ്ങൾക്ക് വിധേയമാകുന്നവരുടെ കുടുംബങ്ങൾ, വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾ, സ്ഫോടക ശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെട്ടപ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബങ്ങൾ, തീപിടുത്തത്തിൽ നാശനഷ്ടം നേരിട്ടവർ എന്നിവർക്ക് ആശ്വാസ ധനസഹായം, ബഹു. മുഖ്യമന്ത്രിയുടെ വിവേചനാധികാര പ്രകാരമുള്ള മറ്റു ധനസഹായങ്ങൾ എന്നിവ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചു വരുന്നു. |
| (ബി) പാവപ്പെട്ടവർക്ക് ആശ്വാസമേകേണ്ട ദുരിതാശ്വാസ നിധിയിലെ തുക വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി; | (ബി) തുക വക മാറ്റി ചെലവഴിച്ചിട്ടില്ല. |
| (സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി സമാഹരിക്കുന്നതെങ്ങനെയാണ് ; | (സി) പൊതുജനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സന്നദ്ധ സംഘടനകളിൽ നിന്നുമാണ് നിധിയിലേക്ക് പണം സമാഹരിക്കുന്നത്. ഈ സംഭാവനയോടൊപ്പം സർക്കാർ സംഭാവനയും ലഭിക്കാറുണ്ട്. |

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ നിധിയിലേക്ക് ബജറ്റിലൂടെ ഓരോ വർഷവും എത്ര തുക ലഭിച്ചു; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ നിധിയിലേക്ക് ബജറ്റിലൂടെ 730,10,00,000/- (എഴുന്നൂറ്റി മുപ്പത് കോടി പത്ത് ലക്ഷം രൂപ മാത്രം) ലഭിച്ചു. ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2011-12 (18.5.11 - 31.3.12) | 55,10,00,000 |
| 2012-13 | 70,00,00,000 |
| 2013-14 | 130,00,00,000 |
| 2014-15 | 165,00,00,000 |
| 2015-16 | 310,00,00,000 |
| **ആകെ** | **730,10,00,000** |

(ഇ) ഈ ഓരോ വർഷവും ബജറ്റ് വിഹിതമല്ലാതെ ഏതൊക്കെ രീതിയിലായി എത്ര തുക ദുരിതാശ്വാസ നിധിയിലേക്ക് സമാഹരിക്കാനായി എന്ന് വ്യക്തമാക്കാമോ?

(ഇ) ബജറ്റ് വിഹിതമല്ലാതെ പൊതുജനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സന്നദ്ധ സംഘടനകളിൽ നിന്നും സമാഹരിക്കാനായ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2011-12 (18.5.11 - 31.3.12) | 3,35,03,788 |
| 2012-13 | 4,64,45,081 |
| 2013-14 | 3,41,75,205 |
| 2014-15 | 52,07,459 |
| 2015-16 (upto 31.1.16) | 70,92,126 |

സെക്ഷൻ ഓഫീസർ